പി.എഫ്/ എ1/ 78/19

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ. തീയതി 10.01.2019

അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസർ
വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ

എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- കെ.എ.എസ്.ഇ.പി.എഫ്-ഗെയിൻ പി.എഫ് സംവിധാനത്തിൽ അത്യാവശ്യമായ അപ്പ്ഡേഷനുകൾ പല സ്ക്കൂളുകളിൽ നിന്നും പൂർത്തിയാക്കാത്തത് - സംബന്ധിച്ച്

സൂചന : 1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.10.2017, 27.07.2018 തീയതികളിലെ പി.എഫ്.ജനറൽ(3)/51412/2015 നമ്പറിലുള്ള സർക്കുലറുകൾ
2. ഈ ഓഫീസീൽ നിന്നുള്ള 29.09.2018 ലെ പി.എഫ്./ എ6/ 2922/18 നമ്പർ സർക്കുലർ

ഗെയിൻ പി.എഫ് സംവിധാനത്തിൽ സ്ക്കൂൾ പ്രധാനാധ്യാപകർ സെറ്റ് ചെയ്യേണ്ട മെനുകൾ സംബന്ധിച്ചും സൈറ്റിൽ അത്യാവശ്യമായി ചെയ്യേണ്ട അപ്പ്ഡേഷനുകൾ സംബന്ധിച്ചും സൂചനകളിലെ സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഗെയിൻ പി.എഫ് സർക്കുലർ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നിരവധി തവണയായി ഈ ഓഫീസിൽ നിന്നും അറിയിപ്പുകൾ നൽകിയിട്ടും ഇതു വരെയായും സ്ക്കൂൾ പ്രധാനാധ്യാപകരുടെ ഐ.ഡി യിൽ കൃത്യമായ മെനുകൾ സെറ്റ് ചെയ്യാനോ സൈറ്റിൽ ആവശ്യമായ എൻട്രികൾ വരുത്തുകയോ ചെയ്തിട്ടില്ല. ഇതു കാരണം പല സ്ക്കൂളുകളിലെ വരിക്കാരുടേയും പി.എഫ് ക്രഡിറ്റ് കാർഡുകൾ തയ്യാറാക്കുന്ന ജോലി പൂർത്തീകരിക്കാൻ സാധിക്കാത്ത ബുദ്ധിമുട്ട് നേരിടുകയാണ്.

എല്ലാ സ്ക്കൂൾ പ്രധാനാധ്യാപകരും എത്രയും പെട്ടെന്നു തന്നെ സ്ക്കൂളിന്റെ PAO ഐ.ഡി (pao120_School Code offSchool Code123$) തുറന്ന് പ്രധാനാദ്ധ്യാപകന്റെ ഐഡി യിൽ മാത്രമാണ് Menu Management(O) മെനു സെറ്റ് ചെയ്തിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം സ്ക്കൂൾ പ്രധാനാദ്ധ്യപകന്റെ ഐഡി തുറന്ന് Menu Management(O) ക്ലിക്ക് ചെയ്ത് അതാത് സ്ക്കൂൾ പ്രധാനാധ്യാപകന്റെ ഐ.ഡി മത്രം സെലക്ട് ചെയ്ത് മേൽ സൂചിപ്പിച്ച സർക്കുലർ പ്രകാരമുള്ള മെനുകൾ സെറ്റ് ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും പ്രധാനാദ്ധ്യപകരുടെ ഐ.ഡിയിൽ അല്ലാതെ മെനുകൾ സെറ്റ് ചെയ്യാൻ പാടുള്ളതല്ല. മറ്റ് ഐഡികളിൽ മെനുകൾ സെറ്റ് ചെയ്തതയി ശ്രദ്ധയിൽപെട്ടാൽ കർശ്ശനനടപടി സ്വീകരിക്കുന്നതാണ്.

**Entry**- OB 2016-17 Actual, OB Loan, ABCD Correction, Add Employee from SPARK, New Admission,
**Verify**- OB 2016-17 Actual, OB Loan

**View**- Search Loan Application, Search Admission Application, Search Closure Application

**Processing**-Admission Processing-Scrutiny, Verification, Closure Processing-Scrutiny, Verification, Loan Processing-Scrutiny, Verification

മറ്റ് മെനുകൾ സെറ്റ്ചെയ്തിട്ടുണ്ടെങ്കിൽ എത്രയും പെട്ടെന്നു തന്നെ ഒഴിവാക്കേണ്ടതാണ്.

സ്ക്കൂൾ പ്രധാനാദ്ധ്യാപകർ അതാത് സ്ക്കൂളിലെ മുഴുവൻ പി.എഫ് വരിക്കാരുടേയും 2015 –2016 വർഷത്തെ ക്രഡിറ്റ് കാർഡ് ക്ളോസിങ്ങ് ബാലൻസ് തുക 2016–17 ലെ ഓപ്പണിംഗ് ബാലൻസായി Entry- OB 2016-17 Actual- Add New മെനു വഴി സൈറ്റിലേക്ക് എൻട്രി ചേർക്കേണ്ടതും തുടർന്ന് Enter ABCD ക്ലിക്ക് ചെയ്ത് പ്രസ്തുത തുകയിൽ ഉൾപ്പെട്ട 31.03.2016 നു മുമ്പ് പി.എഫിലേക്ക് മെർജ്ജ് ചെയ്തിട്ടുള്ള GO(P)No.72/2015/Fin Dated 07/02/2015, GO(P)No.335/2015/Fin Dated 07/08/2015, GO(P)No.525/2015/Fin Dated 18/11/2015 പ്രകാരമുള്ള കുറവു ചെയ്യേണ്ട അരിയറുകളുടെ വിവരങ്ങൾ ചേർക്കേണ്ടതും Verify-OB 2016-17 Actual വെരിഫൈ ചെയ്യേണ്ടതുമാണ്. അതോടൊപ്പം സ്ക്കൂളിലെ ഓരോ പി.എഫ് വരിക്കാരുടെയും **2016 ഏപ്രിൽ, മെയ് മാസങ്ങളിലെ ലെഡ്ജർ കാർഡ് പരിശോധിച്ച് 01.04.2016–ന് ശേഷം റീഫണ്ട് അടച്ചിട്ടുള്ള** മുഴുവൻ വരിക്കാരുടെയും പ്രസ്തുത റീഫണ്ട് തുകയുമായി ബന്ധപ്പെട്ട 31.03.2016 ന് മുമ്പ് എടുത്ത താത്കാലിക വായ്പയുടെ വിവരങ്ങൾ Entry–OB Loan മെനു വഴി ചേർക്കുകയും Verify–OB Loan മെനു വഴി വെരിഫൈ ചെയ്യേണ്ടതുമാണ്. 31.03.2016 നു ശേഷം പി.എഫിലേക്ക് തുക അടക്കൽ ആരം ഭിച്ച പി.എഫ് വരിക്കാർക്ക് 201516 ക്രഡിററ് കാർഡ് ഉസ്ഥായിരിക്കുകയില്ല എന്നററിനാൽ അവരുടെ OB 2016-17 Actual, ABCD (Arrear Exclude), OB Loan എന്നിവ 0 (സീറോ) ചേർത്ത് Entry ചെയ്ത് Verify ചെയ്യേണ്ടതാണ്. സ്ക്കൂൾ പ്രധാനാദ്ധ്യാപകന്റെ ഐ.ഡി യിൽ കൃത്യമായ മെനുകൾ സെറ്റ് ചെയ്യുകയും തുടർന്ന് , ABCD (Arrear Exclude), OB Loan എന്നിവ ഗെയിൻ പി.എഫ് സൈറ്റിലേക്ക് എൻട്രി ചെയ്ത് വെരിഫൈ ചെയ്യുന്ന പ്രവർത്തി മുഴുവൻ എയ്ഡഡ് സ്ക്കൂൾ പ്രധാനാദ്ധ്യാപകരും എത്രയും പെട്ടെന്നു തന്നെ പുർത്തിയാക്കേണ്ടതും സ്ക്കൂൾ പ്രധാനാദ്ധ്യാപകരുടെ ഐഡി യിലെ Verify–OB 2016-17 (Actual), Verify–OB Loan എന്നീ മെനുകളിലെ Print ബട്ടൺ ക്ലിക്ക് ചെയ്ത് അതാത് സ്ക്കൂളിലെ പ്രധാനാദ്ധ്യാപകൻ ഉൾപ്പെടെ മുഴുവൻ പി.എഫ് വരിക്കാരുടെയും OB 2016-17 (Actual), OB Loan എന്നിവയുടെ പ്രിന്റെടുത്ത് പ്രത്യേക കവറിങ്ങ് ലെറ്റർ സഹിതം അതാത് ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 16.01.2019 മുമ്പായി ഹാജരാക്കേണ്ടതാണ്. മുഴുവൻ പി.എഫ് വരിക്കാരുടെയും OB 2016-17 (Actual), OB Loan പ്രിന്റൗട്ട് ഉണ്ടായിരിക്കേണ്ടതാണ്. ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രധാനാദ്ധ്യാപകരുടെ മൊബൈൽ നമ്പർ അടങ്ങിയ ലിസ്റ്റിൽ മുഴുവൻ സ്ക്കൂളുകളുടെയും പ്രിന്റൗട്ട് ഉണ്ടെന്ന് ഉറപ്പുവരുത്തി അത് രേഖപ്പെടുത്തി 21.01.2019 നു മുമ്പായി ഈ ഓഫീസിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. യാതൊരു കാരണവശാലും ഇക്കാര്യത്തിൽ കാലതാമസം വരുത്താൻ പാടുള്ളതല്ല തെററായി വിവരങ്ങൾ രേഖപ്പെടുത്തി വെരിഫൈ ചെയ്തു കഴിഞ്ഞാൽ പിന്നീട് യാതൊരു കാരണവശാലും ഇത് തിരുത്താൻ സാധിക്കുന്നതല്ല. ഇവ ചെയ്തു തീർക്കാത്ത സ്ക്കൂളുകളിലെ പി.എഫ് ക്രഡിററ് കാർഡ് സൈററിൽ പ്രൊസസ് ചെയ്യാൻ സാധിക്കുന്നതല്ല.

തെറ്റായ വിവരങ്ങൾ സഹിതം ലോൺ/അഡ്മിഷൻ/ക്ലോഷർ അപേക്ഷകൾ ഓൺലൈൻ വഴി സബ്മിറ്റ് ചെയ്യാൻ പാടുള്ളതല്ല. അത്തരം കേസുകൾ എ.പി.എഫ്.ഒ ഓഫീസിൽ എല്ലാ വിവരങ്ങളും സഹിതം ഇ മെയിൽ ചെയ്ത് പരിഹരിച്ച ശേഷം മാത്രമേ സബ്മിറ്റ് ചെയ്യാൻ പാടുള്ളൂ. ഗെയിൻ പി.എഫ് സംബന്ധിച്ച പരാതികൾ അതാത് സ്കൂൾ ഇ മെയിൽ വിലാസങ്ങളിൽ നിന്നും ബന്ധപ്പെട്ട സ്കൂൾ പ്രധാനാദ്ധ്യാപകന്റെയും ജീവനക്കാരുടെയും ഗെയിൻ പി.എഫ് ഐ.ഡി, പാസ്സ്‌വേർഡ് എന്നിവയോടൊപ്പം മറ്റ് എല്ലാ വിവരങ്ങളും സഹിതം അറ്റാച്ച്മെന്റ് ആയി അല്ലാതെ മെയിലിൽ തന്നെ ടൈപ്പ് ചെയ്ത് ഗെയിൻ പി.എഫ് സൈറ്റ് തുറന്നാൽ മുകൾ വശത്ത് കാണുന്ന ഹെൽപ്പ്ലൈനിൽ കാണുന്ന ഈ ഓഫീസിന്റെ kasepf.ddekannur@gmail.com എന്ന ഇ മെയിൽ വിലാസങ്ങളിലേക്ക് ഇ മെയിൽ അയച്ചു തന്നെ പരിഹരിക്കേണ്ടതാണ്. അവശ്യമെങ്കിൽ പി.എഫ് ഷെഡ്യൂളുകളോ മറ്റ് രേഖകളോ ഇ മെയിലിനോടൊപ്പം അറ്റാച്ച്മെന്റായി അയക്കാവുന്നതാണ്. പി.എഫ് ക്രഡിറ്റ് കാർഡുകൾ സംബന്ധിച്ച ജോലികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതിനാൽ സൈറ്റിലെ എററുകൾ ഇ മെയിൽ വഴി അയച്ചു തന്നെ പരിഹരിക്കേണ്ടതും ഗെയിൻ പി.എഫ്. സംബന്ധിച്ച പരാതിയുമായി അദ്ധ്യാപകരെ/ജീവനക്കാരെ നേരിട്ട് ഈ ഓഫീസിലേക്ക് അയക്കുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതുമാണ്. സമർപ്പിച്ച പി.എഫ് ലോൺ/ അഡ്മിഷൻ/ ക്ലോഷർ അപേക്ഷകളുടെ നിജസ്ഥിതി അതാത് അപേക്ഷകരുടെ ഐ.ഡി യിൽ നിന്നും View Loan Application/ Admission Status/Closure Status ൽ Movement വഴിയും സ്കൂൾ പ്രധാനാദ്ധ്യാപകരുടെ ഐ.ഡി യിൽ നിന്നും View- Loan Status/ Admission Status/ Closure Status വഴിയും തന്നെ പരിശോധിക്കേണ്ടതാണ്.

ഈ കത്ത് ഉൾപ്പെടെ ഗെയിൻ പി.എഫ് സംബന്ധിച്ച സർക്കുലറുകളുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കാനും നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും കർശ്ശനനിർദ്ദേശം നൽകണമെന്നും അതോടൊപ്പം ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എയ്ഡഡ് സ്കൂളുടെ പി.എഫ് ഒരു സെക്ഷൻ ക്ലാർക്കിനു മാത്രം ചുമതല നൽകണമെന്ന മുൻ നിർദ്ദേശം കർശനമായി പാലിക്കണമെന്നും എല്ലാ ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരോടും ഒന്നു കൂടി അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർ
കണ്ണൂർ